കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ ആസൂത്രണ കമ്മിറ്റി - അംഗങ്ങളായി തിരഞ്ഞെടുക്കപ്പെടേണ്ട ജില്ലാ പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരുടേയും സംഖ്യ നിശ്ചയിച്ച് ഉത്തരവാകുന്നു.

================================================================

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

സ.ഉ.(സാധാ) നം. 3842/10/തസ്വഭവ തിരുവനന്തപുരം, തീയതി, 07/12/2010.

================================================================

പരാമർശം:- 1) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 13-10-2010 -ലെ 6598/ബി/2007/സംതിക നമ്പർ കത്ത്.
2) നഗരകാര്യ ഡയറക്ടറുടെ 29-11-2010 -ലെ ഡി.സി.4/17287/10 നമ്പർ കത്ത്.
3) പഞ്ചായത്ത് ഡയറക്ടറുടെ 02-12-2010 -ലെ ജെ3/33747/2010 നമ്പർ കത്ത്.

<u>ഉത്തരവ്</u>

1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 53-ാം വകുപ്പ് പ്രകാരം ഓരോ ജില്ലയിലും രൂപീകരിക്കേണ്ട ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട, ജില്ലാ പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരുടേയും എണ്ണം, 1995 -ലെ കേരള ജില്ലാ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗനടപടിക്രമവും) ചട്ടങ്ങളിലെ, ചട്ടം 3 -ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് താഴെപ്പറയുന്ന പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ജില്ലാ ആസൂത്രണ സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | കൗൺസിലർമാർ/ അംഗങ്ങൾ | | | ആകെ |
| | | മുനിസിപ്പൽ കോർപ്പറേഷൻ | മുനിസിപ്പൽ കൗൺസിൽ | ജില്ലാ പഞ്ചായത്ത് | |
| 1 | തിരുവനന്തപുരം | 3 | 1 | 8 | 12 |
| 2 | കൊല്ലം | 1 | 1 | 10 | 12 |
| 3 | പത്തനംതിട്ട | - | 1 | 11 | 12 |
| 4 | ആലപ്പുഴ | - | 1 | 11 | 12 |
| 5 | കോട്ടയം | - | 1 | 11 | 12 |
| 6 | ഇടുക്കി | - | 1 | 11 | 12 |
| 7 | എറണാകുളം | 2 | 2 | 8 | 12 |
| 8 | തൃശ്ശൂർ | 1 | 2 | 9 | 12 |
| 9 | പാലക്കാട് | - | 1 | 11 | 12 |
| 10 | മലപ്പുറം | - | 1 | 11 | 12 |
| 11 | കോഴിക്കോട് | 2 | 1 | 9 | 12 |
| 12 | വയനാട് | - | 1 | 11 | 12 |
| 13 | കണ്ണൂർ | - | 2 | 10 | 12 |
| 14 | കാസർഗോഡ് | - | 2 | 10 | 12 |
| | ആകെ | 9 | 18 | 141 | 168 |

2) ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിൽ, അമ്പത് ശതമാനം സ്ത്രീകളും, രണ്ട് അംഗങ്ങൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടവരും, അതിൽ ഒരാൾ സ്ത്രീയും ആയിരിക്കേണ്ടതാണ്.

3) മേൽ വിവരിച്ചിട്ടുള്ള പ്രകാരം ജില്ലാ ആസൂത്രണ കമ്മിറ്റിയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്.എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ